# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08.01.2014-ലെ മറുപടിക്ക്**

**ചോദ്യം നം: 991**

<u>നോക്കുകൂലി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. റ്റി.എൻ.പ്രതാപൻ**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. പാലോട് രവി** | **ശ്രീ. ഷിബു ബേബിജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിനായി ഗാർഹിക കെട്ടിട നിർമ്മാണ മേഖലയിൽ കൂലി നിരക്ക് ഏകീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. നോക്കുകൂലി ആവശ്യപ്പെടുന്നതായുള്ള പരാതി ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ ഇടപെട്ട് അത് ഒഴിവാക്കുന്ന - തിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ നോക്കുകൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യൽ, ജോലിയിൽ നിന്ന് മാറ്റി നിർത്തൽ എന്നീ കർശന നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) | തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടുന്ന പ്രദേശവും കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളും നോക്കുകൂലി വിമുക്തജില്ല കളായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഈ ജില്ലകളിൽ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരി-ച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലി സംബന്ധിച്ച പരാതി ലഭിച്ച കേസ്സുകളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ/ജില്ലാ ഓഫീസർമാർ ഇടപെട്ട് തുക തിരികെ വാങ്ങി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) അവശേഷിക്കുന്ന ജില്ലകളെ കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ? | (ഡി) കൊല്ലം, തൃശ്ശൂർ ജില്ലകളിൽ ഏകീകൃതകൂലി നിശ്ചയിച്ച് പരസ്യപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ കൂലി ഏകീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾക്ക് ധാരണയായിട്ടുണ്ട്. മറ്റു ജില്ലകളിൽ ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ